# അല്‍മായവേദി ന്യൂസ് ബുള്ളറ്റിന്‍

അഖില മലങ്കര ഓര്‍ത്തഡോക്സ് അല്‍മായവേദി പ്രസിദ്ധീകരണം

**Web Edition Only** 2008 ഫെബ്രുവരി 12


## തൃക്കുന്നത്തു സെമിനാരി പ്രശ്നം: ജനരോഷം പ്രതിഫലിച്ച അല്‍മായ വേദി പ്രതിഷേധയോഗം

കോട്ടയം: തൃക്കുന്നത്തു സെമിനാരിയില്‍ പുത്തന്‍കുരിശ് സൊസൈറ്റിയുടെ കാതോലിക്കാ തോമസ് പ്രഥമനെയും മറ്റു മെത്രാന്മാരെയും പ്രവേശിപ്പിച്ച ഗവണ്മെന്‍റ് നടപടിയിലും അതിനോടുള്ള ഓര്‍ത്തഡോക്സ് സഭാ നേതൃത്വത്തിന്‍റെ പ്രതികരണരാഹിത്യത്തിലും സഭാമക്കള്‍ക്കുള്ള രോഷം പ്രതിഫലിക്കുന്നതായിരുന്നു ഞായറാഴ്ച കോട്ടയത്തു നടന്ന പ്രതിഷേധയോഗം. കോട്ടയം വൈ. എം. സി. എ. യില്‍ കൂടിയ യോഗത്തില്‍ അല്‍മായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്ത് അദ്ധ്യക്ഷത വഹിച്ചു. ഫീലിപ്പോസ് പോട്ടയ്ക്കാവയലില്‍, ക്യാപ്റ്റന്‍ കോശി മത്തായി, തോമസ് ചാണ്ടി, എം. കുര്യന്‍ തോമസ്, ജോര്‍ജ് മാത്യു എന്നിവര്‍ പ്രസംഗിച്ചു. ജ്യോതിഷ് കുറിച്ചി, ബാബു വെട്ടുവേലില്‍ എന്നിവര്‍ പ്രമേയങ്ങള്‍ അവതരിപ്പിച്ചു.

പ്രമേയം 1: "മലങ്കര ഓര്‍ത്തഡോക്സ് സഭയുടെ നിയമാനുസൃത ഉടമസ്ഥതയിലും കൈവശത്തിലുമുള്ള തൃക്കുന്നത്തു സെമിനാരിയില്‍ അനധികൃത കയ്യേറ്റക്കാരായ പുത്തന്‍കുരിശു സൊസൈറ്റിയുടെ കാതോലിക്കായേയും മെത്രാന്മാരെയും പോലീസ് സംരക്ഷണയില്‍ പ്രവേശിപ്പിക്കാന്‍ നടപടിയെടുത്ത കേരള ഗവണ്മെന്‍റിന്‍റെ വഞ്ചനാപരമായ നടപടിയില്‍ ഈ യോഗം പ്രതിഷേധം രേഖപ്പെടുത്തുന്നു.

തോമസ് പ്രഥമന്‍ ബാവാ അങ്കമാലി, കണ്ടനാട്, കൊച്ചി ഭദ്രാസനത്തിലെ പള്ളികളില്‍ പ്രവേശിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള കോടതിയുത്തരവുകളില്‍ തുടര്‍ നടപടികള്‍ സ്വീകരിക്കാത്ത സഭയുടെ ലീഗല്‍ സെല്ലിന്‍റെ അനാസ്ഥയിലും നിഷ്ക്രിയത്വത്തിലുമുള്ള ഉത്കണ്ഠയും പ്രതിഷേധവും ഇതോടൊപ്പം രേഖപ്പെടുത്തുന്നു."

പ്രമേയം 2: "മലങ്കര ഓര്‍ത്തഡോക്സ് സഭ നേരിടുന്ന പ്രതിസന്ധിയില്‍ സഭയുടെ ഉന്നതാധികാര സമിതികളായ പ: എപ്പിസ്ക്കോപ്പല്‍ സുന്നഹദോസ്, വര്‍ക്കിംഗ് കമ്മറ്റി, മാനേജിംഗ് കമ്മറ്റി എന്നിവയില്‍ നടക്കുന്ന ചേരിതിരിവുകളിലും സ്വാര്‍ത്ഥതാല്പര്യപ്രേരിതമായ പ്രവര്‍ത്തനങ്ങളിലും ഈ യോഗത്തിനുള്ള ഉത്കണ്ഠ രേഖപ്പെടുത്തുന്നു. ഉന്നതസ്ഥാനികള്‍ യോജിപ്പോടും സഭാതാല്പര്യങ്ങള്‍ക്കനുരൂപമായും മൂല്യബോധത്തോടും ലക്ഷ്യബോധത്തോടും പ്രവര്‍ത്തിക്കണമെന്ന് ഈ യോഗം ശക്തമായി ആവശ്യപ്പെടുന്നു."

ഓര്‍ത്തഡോക്സ് സഭയെ സമീപകാലത്തായി ദുര്‍ബ്ബലപ്പെടുത്തുന്ന നേതൃത്വത്തിലെ ചിലരുടെ വ്യക്തി താല്പര്യങ്ങള്‍ മൂലമാണ് സഭാപ്രശ്നങ്ങള്‍ക്ക് പരിസമാപ്തിയുണ്ടാകാത്തതെന്ന് ഫീലിപ്പോസ് പോട്ടക്കാവയലില്‍ പ്രസ്താവിച്ചു. വ്യവസായ - മാദ്ധ്യമ - ലോബികള്‍ സഭയെ തങ്ങളുടെ സ്വാര്‍ത്ഥ ലക്ഷ്യങ്ങള്‍ക്കായി വിനിയോഗിക്കുന്നെന്ന് അദ്ദേഹം തുടര്‍ന്ന് പ്രസ്താവിച്ചു.

വടക്കന്‍ ഭദ്രാസനങ്ങളില്‍ വേരുകളുള്ള മെത്രാപ്പോലീത്താമാരെയും കഴിവും ശേഷിയുമുള്ള അവിടത്തെ അല്‍മായ നേതാക്കളെയും അവഗണിച്ചുകൊണ്ട് ചില സ്വാര്‍ത്ഥമതികള്‍ നടത്തുന്ന കുത്സിത പ്രവര്‍ത്തനങ്ങള്‍ തുറന്നു കാണിക്കുവാന്‍ ക്യാപ്റ്റന്‍ കോശി മത്തായി ആഹ്വാനം ചെയ്തു. വിശ്വാസികള്‍ തിഷ്ണതയുള്ളവരാണെങ്കിലും നേതൃസ്ഥാനികളില്‍ ചിലര്‍ മറുപക്ഷവുമായി ഒത്തുകളിക്കുന്നതു മൂലമാണ് പ്രശ്നങ്ങള്‍ രൂക്ഷമാകുന്നതെന്ന് അദ്ദേഹം ആരോപിച്ചു. പുത്തന്‍കുരിശു സൊസൈറ്റിക്കാര്‍ക്ക് പ്രവേശനമാര്‍ഗ്ഗം കാണിച്ചുകൊടുത്തത് ഓര്‍ത്തഡോക്സ് സഭയിലെ മെത്രാന്‍ സ്ഥാനാര്‍ത്ഥിയായ ഒരു വൈദികനാണെന്ന വസ്തുത അദ്ദേഹത്തെ ജനശ്രദ്ധയില്‍ പെടുത്തി.

അതിപ്രഗത്ഭരായ അനേകം ജനങ്ങളുള്ള ഓര്‍ത്തഡോക്സ് സഭയ്ക്ക് അര്‍ഹിക്കുന്ന നേതൃത്വമല്ല ഇന്നുള്ളതെന്ന് അല്‍മായവേദി ജനറല്‍ സെക്രട്ടറി തോമസ് ചാണ്ടി പ്രസ്താവിച്ചു. തൃക്കുന്നത്തു സെമിനാരി പ്രശ്നം ചര്‍ച്ച ചെയ്യുവാന്‍ കൂടിയ മാനേജിംഗ് കമ്മറ്റിയുടെ അടിയന്തിരയോഗത്തില്‍ മൂന്നു മണിക്കൂര്‍ അപ്രസക്തമായ വിഷയങ്ങള്‍ ചര്‍ച്ച ചെയ്യുകയും കേവലം ഒരു മണിക്കൂര്‍ മാത്രം അജണ്ടയിലുള്ള വിഷയം ചര്‍ച്ച ചെയ്യുകയുമാണുണ്ടായത്. വഴിപാടു പോലെ ചില തീരുമാനങ്ങള്‍ എടുക്കുകയും അവ പോലും നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന ഒരു നേതൃത്വം യാതൊരു പ്രകാരേണയും മലങ്കരസഭ അര്‍ഹിക്കുന്നതല്ലെന്ന് അദ്ദേഹം വ്യക്തമാക്കി. സഭാനേതൃത്വം നിയമനടപടികള്‍ക്ക് മടിച്ചു നില്‍ക്കുകയാണെങ്കില്‍ ജനങ്ങള്‍ മുന്നോട്ടു വന്ന് സഭാസംരക്ഷണത്തിനുള്ള നടപടികള്‍ സ്വീകരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

25-ാം തീയതിയിലെ സംഭവങ്ങളുടെ വിവരണം അന്ന് അവിടെ സന്നിഹിതനായിരുന്ന ജ്യോതിഷ് കുറിച്ചി അവതരിപ്പിച്ചു.

സഭാനേതൃത്വത്തിന്‍റെ നിഷ്ക്രിയത്വത്തിനെതിരെ പ്രത്യക്ഷ സമരപരിപാടികള്‍ സംഘടിപ്പിക്കണമെന്ന് സദസ്യര്‍ ആവശ്യപ്പെട്ടു.

## തോമസ് പ്രഥമന് തൃക്കുന്നത്ത് ഇനിയും അവസരമുണ്ട്

കോട്ടയം: പ. മാര്‍ത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിനു കീഴ്വഴങ്ങുകയും 1934-ലെ സഭാ ഭരണഘടന അംഗീകരിക്കുകയും ചെയ്യുന്നപക്ഷം തോമസ് പ്രഥമന് തൃക്കുന്നത്തു സെമിനാരിയിലും മലങ്കരസഭയിലെ എല്ലാ പള്ളികളിലും വി. കുര്‍ബ്ബാന അര്‍പ്പിക്കാനും കര്‍മ്മാദികള്‍ നടത്തുവാനും ഇനിയും അവസരമുണ്ടെന്ന് ചരിത്രകാരനായ എം. കുര്യന്‍ തോമസ് പ്രസ്താവിച്ചു. അഖില മലങ്കര ഓര്‍ത്തഡോക്സ് അല്‍മായവേദി സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനത്തില്‍ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അങ്കമാലി ഭദ്രാസനത്തിന്‍റെ പൊതുസ്ഥാപനമെന്ന നിലയിലാണ് ആലുവാ തൃക്കുന്നത്തു സെമിനാരി സ്ഥാപിച്ചത്. ആ രീതിയിലാണ് അതു ഭരിക്കപ്പെട്ടിരുന്നതും. തൃക്കുന്നത്തു സെമിനാരി ഇടവകപ്പള്ളിയല്ലായെന്ന് 2003-ല്‍ പള്ളിക്കോടതി വിധിച്ചിട്ടുണ്ട്. അദ്ദേഹം തുടര്‍ന്നു പറഞ്ഞു.

അങ്കമാലി, കൊച്ചി, കണ്ടനാട് ഭദ്രാസനങ്ങളിലെ 237 പള്ളി

കളിൽ പ്രവേശിക്കുന്നതിൽ നിന്നും തോമസ് പ്രഥമനെ കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിലക്കിയിട്ടുണ്ട്. ഈ വിലക്കു നിലനിൽക്കെ അദ്ദേഹം ഇപ്പോൾ ചെയ്യുന്നത് കോടതിയലക്ഷ്യങ്ങളുടെ കൂമ്പാരമാണ്. എം. കുര്യൻ തോമസ് തുടർന്നു പറഞ്ഞു.

## തൃക്കുന്നത്തു സെമിനാരി സ്വന്തമെങ്കിൽ കോടതിയിൽ തെളിയിക്കണം: ശ്രേഷ്ഠ ബാവാ

ആലുവാ: തൃക്കുന്നത്തു പള്ളിയിലും സ്വത്തുക്കളിലും ഉടമാവകാശമുണ്ടെങ്കിൽ അതു കോടതിയിൽ സ്ഥാപിച്ചെടുക്കുകയാണ് ഓർത്തഡോക്സ് വിഭാഗം ചെയ്യേണ്ടതെന്നു ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ.

2005 മുതൽ താനും മെത്രാപ്പോലീത്താമാരും സെമിനാരിയിൽ ആരാധന നടത്തിവരികയാണെന്നും അതിനെതിരേ മറുപക്ഷം കോടയിൽ പോകാത്തതു പ്രയോജനം കിട്ടില്ലെന്നു ഉറപ്പുള്ളതു കൊണ്ടായിരിക്കുമെന്നും ബാവാ പത്രസമ്മേളനത്തിൽ പറഞ്ഞു.

2007-ൽ പത്രപരസ്യം ചെയ്ത് അങ്കമാലി ഭദ്രാസനത്തിന്റെ അസോസിയേഷൻ വിളിച്ചുകൂട്ടിയിട്ടും ആരും എതിർത്തില്ല. ഓർത്തഡോക്സ് വിഭാഗമാണ് ഉടമസ്ഥരെങ്കിൽ അവർക്കു കോടതിയിൽ പോകാമായിരുന്നല്ലോ. തൃക്കുന്നത്തു പ്രശ്നത്തിൽ ജില്ലാ കോടതി വിധി മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇതുപ്രകാരം താമസക്കാരൻ എന്ന നിലയിൽ സെമിനാരിയുടെ മുൻ മാനേജർ ഫാ. ജേക്കബ് മണ്ണാറപ്രായിലിന് തൽക്കാലിക കൈവശാവകാശം ലഭിച്ചു. ഓർത്തഡോക്സ് സഭയെക്കുറിച്ചോ അവർക്കു സെമിനാരിയിൽ അവകാശമുണ്ടെന്നോ വിധിയിൽ സൂചനയില്ല. സെമിനാരിയിൽ വരുമ്പോൾ യാക്കോബായ സഭയിലായിരുന്ന മണ്ണാറപ്രായിൽ മറുപക്ഷത്തേക്കു മാറിയതാണ് സെമിനാരിയും ഓർത്തഡോക്സ് സഭയും തമ്മിലുള്ള ഏക ബന്ധം. ഇദ്ദേഹത്തെ മാറ്റിയതിലൂടെ വർഷങ്ങളായി നിലനിന്നിരുന്ന സ്ഥിതി ലംഘിച്ചത് എതിർ വിഭാഗമാണ്. 1964-ലെ സ്ഥിതി പുനഃസ്ഥാപിക്കണം.

ഫാ. മണ്ണാറപ്രായിലിനു സെമിനാരിയിൽ കൈവശാവകാശം മാത്രമാണുള്ളത്. സെമിനാരി സ്ഥാപകനായ കടവിൽ തിരുമേനിയുടെ വിൽപത്രപ്രകാരം പരിശുദ്ധ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ട അങ്കമാലി ഭദ്രാസനമെത്രാപ്പോലീത്തായുടെ ആസ്ഥാനമാണു തൃക്കുന്നത്തു സെമിനാരി. ഈ യോഗ്യതയുള്ള ഏക മെത്രാപ്പോലീത്താ ഞാൻ മാത്രമാണ്. സെമിനാരി വിട്ടുകിട്ടാൻ സർക്കാർ മുൻകൈയെടുക്കണം. ജില്ലാ കോടതി വിധിയ്ക്കെതിരേ ഇടവകാംഗങ്ങൾ നൽകിയിട്ടുള്ള അപ്പീൽ ഹൈക്കോടതിയിലുണ്ട്. വിധിവരെ പള്ളി പൂട്ടിക്കിടന്നു നശിക്കാതെ ഇരു വിഭാഗത്തിനും ആരാധനയ്ക്കായി തുറക്കണം. അനധികൃതമായി സെമിനാരിയിൽ പ്രവേശിക്കുന്നവരെ പോലീസ് പുറത്താക്കിയില്ലെങ്കിൽ അതു അപകടകരമായ സ്ഥിതിക്കു കാരണമാകുമെന്നും ബാവാ മുന്നറിയിപ്പു നൽകി.

35 വർഷം മാനേജരായിരുന്ന ഫാ. മണ്ണാറപ്രായിൽ മറുവിഭാഗം കാതോലിക്കാ ബാവായ്ക്ക് എഴുതികൊടുത്തത് സെമിനാരിയും സ്വത്തുക്കളും അന്ത്യോഖ്യാ പാത്രിയർക്കീസിന്റേതാണെന്നാണ്. എന്നിട്ടും ബോധ്യമാകാത്തവരാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. അവർ കോടതി വഴി അവകാശം തെളിയിക്കണം.

കോടതി സൂക്ഷിക്കാനേൽപ്പിച്ചവർ സെമിനാരിയുടെ ഉടമസ്ഥരായ അവസ്ഥയിലാണ്. 12 ഏക്കറുണ്ടായിരുന്നത് മുറിച്ചു വിറ്റുകൊണ്ടിരിക്കുകയാണെന്നും ഇതിനു പരിഹാരം ഉണ്ടാകുന്നതു വരെ വിശ്രമമില്ലെന്നും ബാവാ വ്യക്തമാക്കി.

മെത്രാപ്പോലീത്താമാരായ ഡോ. ഏബ്രഹാം മോർ സേവേറിയോസ്, മാത്യൂസ് മോർ അപ്രേം, ഏലിയാസ് മോർ അത്താനാസിയോസ്, അൽമായ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലക്കൽ, സഭാസെക്രട്ടറി തമ്പു ജോർജ് തുകലൻ, ബിബി ഏബ്രഹാം, ഉമ്മച്ചൻ വേങ്കടത്ത്, മോൻസി വാവച്ചൻ തുടങ്ങിയവർ സംബന്ധിച്ചു.

(മംഗളം, 9-2-08)

## ഇടുക്കി, കോഴിക്കോട് ഭദ്രാസനങ്ങളുടെ ചുമതല ശ്രേഷ്ഠ കാതോലിക്കാ ബാവാ ഏറ്റെടുത്തു

കൊച്ചി: യാക്കോബായ സുറിയാനി സഭയിൽ പുതുതായി രൂപീകരിച്ച ഇടുക്കി, കോഴിക്കോട്, ബാഹ്യകേരള ഭദ്രാസനങ്ങളുടെ ചുമതല മലങ്കര മെത്രാപ്പോലീത്താ കൂടിയായ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ ഏറ്റെടുത്തു.

2002-ലെ സഭാ ഭരണഘടനപ്രകാരമാണ് ചുമതല മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ ബാവാ ഏറ്റെടുത്തത്. ഭദ്രാസനങ്ങളുടെ പള്ളിപ്രതിപുരുഷയോഗം ചേർന്നു പുതിയ മെത്രാനെ തിരഞ്ഞെടുക്കുന്നതു വരെ ശ്രേഷ്ഠ ബാവാ ചുമതലയിൽ തുടരും. ഇന്നലെ പുത്തൻകുരിശു പാത്രിയർക്കാ സെന്ററിൽ ശ്രേഷ്ഠ കാതോലിക്കാബാവായുടെ അധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് കമ്മറ്റി യോഗമാണു തീരുമാനമെടുത്തത്.

കോഴിക്കോട് ഭദ്രാസനത്തിൽ മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുന്നതിനു നേരത്തെ നടന്ന തെരഞ്ഞെടുപ്പ് പരി. പാത്രിയർക്കീസ് ബാവാ അസാധുവാക്കിയിരുന്നു. സഭാ ഭരണഘടനയനുസരിച്ച് മെത്രാപ്പോലീത്തായാകാൻ യോഗ്യതയുള്ളവരുടെ ലിസ്റ്റ് വൈകാതെ ചേരുന്ന കോഴിക്കോട് ഭദ്രാസനയോഗം ചർച്ച ചെയ്ത് മെത്രാനെ തിരഞ്ഞെടുക്കും.

ഇടുക്കി ഭദ്രാസന ചുമതല പള്ളിപ്രതിപുരുഷയോഗം ചേർന്ന് പുതിയ മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കുന്നതുവരെ ശ്രേഷ്ഠ ബാവാ നിർവ്വഹിക്കും.

സഭാഭരണഘടന അംഗീകരിക്കുന്ന പള്ളികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതലയും ശ്രേഷ്ഠ ബാവായ്ക്കാണ്.

പുതിയ മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കാൻ ഭദ്രാസനത്തിലെ പള്ളിപ്രതിപുരുഷയോഗം വൈകാതെ നടത്താനും വർക്കിംഗ് കമ്മറ്റി തീരുമാനിച്ചു.

മെത്രാപ്പോലീത്താമാരായ ഡോ. ഏബ്രഹാം മോർ സേവേറിയോസ്, മാത്യൂസ് മോർ അപ്രേം, ഏലിയാസ് മോർ അത്താനാസിയോസ്, അൽമായ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലക്കൽ, സഭാസെക്രട്ടറി തമ്പു ജോർജ് തുകലൻ, ബിബി ഏബ്രഹാം, ഉമ്മച്ചൻ വേങ്കടത്ത് തുടങ്ങിയവർ സംബന്ധിച്ചു.

(മംഗളം, 9-2-08)

## സഭാതർക്കം: സെന്റ് ജോൺസ് സ്കൂളിൽ സംഘർഷം

കൂത്താട്ടുകുളം: സഭാതർക്കം നിലനിൽക്കുന്ന വടകര സെന്റ് ജോൺസ് പള്ളിയിൽ ഓർത്തഡോക്സ് - യാക്കോബായ പക്ഷങ്ങൾ തമ്മിൽ സംഘർഷം. സംഘർഷത്തിൽ രണ്ട് പേർക്ക് പരിക്കേറ്റു. ഇന്നലെ ഉച്ചയ്ക്ക് ഒരു മണിയോടെ പള്ളിവക സ്കൂളായ

വടകര സെന്റ് ജോൺസ് സ്കൂളിലാണ് ഇരുവിഭാഗവും ഏറ്റുമുട്ടിയത്. സ്കൂൾ അദ്ധ്യാപകനടക്കമുള്ളവർക്കാണ് പരിക്ക്. ഒരു വിഭാഗം കൂട്ടമണിയടിച്ച് സ്കൂൾ പൂട്ടിക്കുകയും ചെയ്തു. സംഘർഷത്തിൽ പരിക്കേറ്റ സ്കൂൾ അദ്ധ്യാപകൻ കൊരണ്ടിപ്പിള്ളിൽ ജോഷി (41) ഓർത്തഡോക്സ് വിഭാഗം വക്താവും ട്രസ്റ്റിയുമായ സി. എം. ഔസേഫ് പുഞ്ചക്കര (75) എന്നിവർക്കാണ് പരിക്ക്. സ്കൂളിൽ അദ്ധ്യാപക നിയമനം നടത്തിയതു സംബന്ധിച്ചും, പള്ളിയങ്കണത്തിലെ കൊടിമരത്തിലെ കയർ മുറിച്ചുമാറ്റിയതും പള്ളിവക സ്ഥലമായ സ്കൂൾ പരിസരത്തു നിന്ന മരം മുറിച്ചത് സംബന്ധിച്ചുണ്ടായ പ്രശ്നങ്ങളുമാണ് സംഘർഷത്തിന് കാരണമായത്. ഇന്നലെ രാത്രി ഒൻപതുമണിയോടെ കൂത്താട്ടുകുളം ടൗണിൽ ഇരുകൂട്ടരും വീണ്ടും ഏറ്റുമുട്ടി. പ്രദേശത്ത് സംഘർഷാവസ്ഥ തുടരുകയാണ്.

പള്ളിഭരണം നടത്തിവന്നിരുന്ന യാക്കോബായ വിഭാഗം ഭരണസമിതിയുടെ കാലാവധി 2005 ഡിസംബറിൽ അവസാനിച്ചിരുന്നു. ഇതിനിടെ പള്ളിവികാരി ഫാ. ജോയി കടുകുംമാക്കിലിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് നടത്തി ഓർത്തഡോക്സ് വിഭാഗം പള്ളിഭരണം ഏറ്റെടുക്കുകയായിരുന്നു. ഇതോടെയാണ് പ്രശ്നങ്ങൾക്ക് തുടക്കമായത്. 2007-ൽ നടത്തിയ തെരഞ്ഞെടുപ്പ് വ്യാജമാണെന്നും നിയമപ്രകാരമല്ല നടന്നതെന്നുമാണ് യാക്കോബായ വിഭാഗം പറയുന്നത്. സ്റ്റാറ്റസ്കോ അനുസരിച്ച് പള്ളിഭരണം ഇപ്പോഴും യാക്കോബായപക്ഷത്തിനാണെന്നുമാണ് ഇവർ ഉന്നയിക്കുന്നത്. എന്നാൽ തങ്ങളുടെ തിരഞ്ഞെടുപ്പ് വ്യാജമല്ലെന്നും ഈ തെരഞ്ഞെടുപ്പ് ശരിയാണെന്ന് കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് ഉത്തരവ് പ്രകാരമാണ് അധികാരം ഏറ്റതെന്നുമാണ് ഓർത്തഡോക്സ് വിഭാഗം പറയുന്നത്.

പള്ളിവക സ്കൂളായ സെന്റ് ജോൺസ് ഓർത്തഡോക്സ് സ്കൂളിൽ ഇന്നലെ അദ്ധ്യാപികയെ നിയമിച്ചിരുന്നു. ഇവർ ഒപ്പിടാൻ ഓഫീസിലെത്തിയപ്പോൾ സംഘം ചേർന്നുവന്ന യാക്കോബായ വിഭാഗം നിയമനം തടഞ്ഞ് അക്രമം അഴിച്ചുവിടുകയായിരുന്നുവെന്ന് ഓർത്തഡോക്സ് വിഭാഗം പറയുന്നു. തുടർന്ന് പഠിച്ചുകൊണ്ടിരുന്ന കുട്ടികളെ അനധികൃതമായി കൂട്ടമണിയടിച്ച് പഠിപ്പ് മുടക്കുകയുമായിരുന്നുവെന്ന് സ്കൂൾ മാനേജരും ഓർത്തഡോക്സ് വിഭാഗം വക്താവുമായ തോംസൻ പി. വർഗീസ് പറഞ്ഞു. ഓർത്തഡോക്സ് വിഭാഗം വക്താവും ട്രസ്റ്റിയുമായ സി. എം. ഔസേഫ് പുഞ്ചക്കര തന്റെ മകന്റെ കുട്ടിയെ കാണുവാനായി എത്തിയതാണെന്നും അദ്ദേഹത്തിന്റെ നേരെ ഒരു കാരണവുമില്ലാതെ അക്രമം അഴിച്ചുവിടുകയായിരുന്നുവെന്നും ഓർത്തഡോക്സ് പക്ഷം പറഞ്ഞു.

കൊടിമരത്തിലെ കയർ മുറിച്ചുമാറ്റിയ സംഭവത്തിന് പിന്നിൽ പ്രവർത്തിച്ചവർ സ്കൂളിലുണ്ടെന്നറിഞ്ഞ ഒരു വിഭാഗം യാക്കോബായ പ്രവർത്തകർ അവിടെ എത്തിയത് സംഘർഷാവസ്ഥ സൃഷ്ടിച്ചിരുന്നു. ഇതിനിടെ പള്ളിവക സ്ഥലത്ത് നിന്ന മരം മുറിച്ച സംഭവത്തെക്കുറിച്ച് അന്വേഷിക്കുവാനെത്തിയ പള്ളിയിലെ സഹവികാരി ഫാ. പോൾ പീച്ചിയിലിനേയും ഒപ്പമുണ്ടായിരുന്ന യാക്കോബായ വിഭാഗം വക്താവായ ജോസ് കോഴിക്കോനു നേരെയും ജോഷിയുടെ നേതൃത്വത്തിൽ അക്രമം നടത്തുകയായിരുന്നുവെന്ന് യാക്കോബായ വിഭാഗം പറഞ്ഞു.

(ജന്മഭൂമി, 9-2-2008)

## കണ്യാട്ട്നിരപ്പ് പള്ളിയിൽ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ ഏറ്റുമുട്ടി

കോലഞ്ചേരി: കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് പള്ളി പെരുന്നാളിനോടനുബന്ധിച്ച് യാക്കോബായ - ഓർത്തഡോക്സ് വിഭാഗം വിശ്വാസികൾ ഏറ്റുമുട്ടി. ഞായറാഴ്ച പകൽ 12.30 ഓടെയാണ് ഇരുവിഭാഗം വിശ്വാസികൾ പള്ളി മൈതാനത്തിനു മുമ്പിൽ ഏറ്റുമുട്ടിയത്. പോലീസ് പക്ഷപാതിത്വം കാട്ടിയെന്നാരോപിച്ച് ഓർത്തഡോക്സ് വിഭാഗം വൈകിട്ട് പുത്തൻകുരിശ് പോലീസ് സ്റ്റേഷനു മുമ്പിൽ ധർണ്ണ നടത്തി.

ഓർത്തഡോക്സ് വിഭാഗം വികാരി ഫാ. ജോൺ മൂലമറ്റത്തിന്റെ ശുശ്രൂഷ അവസാനിച്ചശേഷം പള്ളിയിൽ നിന്നു പുറത്തേയ്ക്കിറങ്ങുമ്പോഴായിരുന്നു സംഘർഷം. യാക്കോബായ വിഭാഗത്തിന്റെ പെരുന്നാൾ പ്രദക്ഷിണം പള്ളി കോമ്പൗണ്ടിലേക്ക് പ്രവേശിച്ചപ്പോൾ ഇരുവിഭാഗം വിശ്വാസികൾ തമ്മിലുണ്ടായ തർക്കം സംഘർഷത്തിലെത്തുകയായിരുന്നു. ഇതിനെത്തുടർന്ന് പോലീസ് സംരക്ഷണമുള്ള ഫാ. ജോൺ മൂലമറ്റത്തിനെ പോലീസ് സംഘം കാറിലെത്തിച്ചു. പകൽ 12-നു മുമ്പ് ഓർത്തഡോക്സ് വിഭാഗത്തിന്റെ പെരുന്നാൾ ശുശ്രൂഷകൾ അവസാനിപ്പിക്കണമെന്ന പോലീസുമായി ഉണ്ടാക്കിയ ധാരണലംഘിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് യാക്കോബായ വിഭാഗം വികാരി ഫാ. ഏലിയാസ് കരോട്ടുമംഗലം പറഞ്ഞു. പ്രദക്ഷിണത്തിൽ പങ്കെടുത്ത വിശ്വാസികളെ ഓർത്തഡോക്സ് വിഭാഗം മർദിക്കുകയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഇരുവിഭാഗം വിശ്വാസികൾ തമ്മിലുണ്ടായ സംഘർഷത്തിൽ പരിക്കേറ്റ യാക്കോബായ വിഭാഗത്തിലെ നാലുപേരെ തൃപ്പൂണിത്തുറ ആർസിഎം ആശുപത്രിയിലും ഓർത്തഡോക്സ് വിഭാഗത്തിലെ മൂന്നുപേരെ കോലഞ്ചേരി മെഡിക്കൽ കോളജിലും പ്രവേശിപ്പിച്ചു. പോലീസ് സ്റ്റേഷനു മുമ്പിൽ ഓർത്തഡോക്സ് വിഭാഗം മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസ്യോസിന്റെ നേതൃത്വത്തിൽ നടത്തിയ ധർണ്ണ മൂവാറ്റുപുഴ ഡി. വൈ. എസ്. പി. എൻ. സുധീഷുമായി ചർച്ച നടത്തി അവസാനിപ്പിച്ചു.

കോടതി ഉത്തരവ് ലംഘിച്ചതിനും പോലീസിന്റെ ചുമതല നിർവഹണം തടസപ്പെടുത്തിയതിനും കണ്ടാലറിയാവുന്ന 12 പേരുൾപ്പെടെ 14 പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും പോലീസ് അറിയിച്ചു.

(ദേശാഭിമാനി, 11-2-2008)

## കാതോലിക്കാദിനം: പ്രകടനം ഒഴിവാക്കി

കൊച്ചി: മാർച്ച് ഒൻപതിനു കൊച്ചിയിൽ നടക്കുന്ന അഖില മലങ്കരാടിസ്ഥാനത്തിലുള്ള കാതോലിക്കാ ദിനാഘോഷങ്ങളിൽ നിന്നും പ്രകടനം ഒഴിവാക്കി.

വൈകുന്നേരം അഞ്ചിനു കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ കാതോലിക്കാദിന സമ്മേളനം നടത്തുവാനാണ് ഇപ്പോഴത്തെ പരിപാടി.

എന്നാൽ സഭാതലത്തിൽ എറണാകുളത്ത് കാതോലിക്കാദിനം നടത്തുന്നതിനോട് കടുത്ത എതിർപ്പ് ചില കേന്ദ്രങ്ങൾ ഉയർത്തുന്നുണ്ട്. എസ്. എസ്. എൽ. സി. പരീക്ഷാകാലം, കാലാവസ്ഥ, ആക്രമണ ഭീഷണി മുതലായ കാരണങ്ങളാണ് തെക്കൻ ഭദ്രാസനങ്ങളിൽ ഉയരുന്നത്.

ചില സ്ഥാനികളുടെ രാഷ്ട്രീയ പ്രവേശനത്തിനായി അവർക്ക് മാധ്യമശ്രദ്ധ പിടിച്ചുപറ്റാനാണ് ഈ സംരംഭമെന്നും ചിലർ ആരോപിക്കുന്നുണ്ട്.

## ഭരണഘടന ഭേദഗതി ദുരുദ്ദേശപരമെന്ന്!

കോട്ടയം: മലങ്കര സഭാ മാനേജിംഗ് കമ്മറ്റിയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള പീരുമേട് എൻജിനീയറിംഗ് കോളജിന്റെ ഭരണ

ഘടന തിരക്കിട്ടു ഭേദഗതി ചെയ്യുന്നതിനു പിമ്പിൽ അഴിമതിയ്ക്കുള്ള തന്ത്രമാണെന്ന് ആരോപണം.

മലങ്കരസഭയുടെ പൊതുസ്ഥാപനമായ പീരുമേട് എൻജിനീയറിംഗ് കോളജിൽ ഇടുക്കി ഭദ്രാസനാധിപനെ എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റാക്കുന്നതു തന്നെ എതിർപ്പ് വിളിച്ചു വരുത്തിയിട്ടുണ്ട്. നിലവിൽ ഇടുക്കിക്ക് മെത്രാപ്പോലീത്താ ഇല്ലാത്തതിനാൽ ഈ സ്ഥാനം ഇന്ന് യഥാർത്ഥത്തിൽ ഇടുക്കി ഭരിക്കുന്ന വ്യക്തിയുടെ കൈയിൽ ചെന്നുചേരും എന്നതു വ്യക്തമാണ്. ഇടുക്കിയുടെ ചുമതലയുള്ള ശ്രേഷ്ഠ നിയുക്ത ബാവായ്ക്ക് ജോലിത്തിരക്കു മൂലം ഇതു ശ്രദ്ധിക്കാനോ നിയന്ത്രിക്കുവാനോ സാദ്ധ്യമല്ല എന്നു മനസ്സിലാക്കി തന്നെയാണ് ഈ ഭേദഗതി കൊണ്ടുവന്നതെന്ന് ചിലർ വാദിക്കുന്നു. വിദ്യാഭ്യാസ മേഖലയെപ്പറ്റി പരിജ്ഞാനമുള്ള ഒരു മെത്രാപ്പോലീത്തായെ ഈ സ്ഥാനത്തേയ്ക്ക് പ. സുന്നഹദോസ് കാലാകാലങ്ങളിൽ നിയമിക്കണമെന്ന് ഇവർ ആവശ്യപ്പെടുന്നു. അഡ്മിഷൻ, നിയമനം മുതലായവയിൽ അഴിമതിയും സ്വജനപക്ഷപാതവും നടത്തുക എന്ന ഉദ്ദേശ്യത്തോടെ എൻജിനിയറിംഗ് കോളജ് ഗവേണിംഗ് ബോഡിയിൽ കയറിപ്പറ്റാൻ അല്പ വിദ്യാഭ്യാസം മാത്രമുള്ള ചില മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ശ്രമമാരംഭിച്ചിട്ടു കുറേക്കാലമായി. ഈ കഴിഞ്ഞ തിരഞ്ഞെടുപ്പു കാലത്ത് ഒരു സ്ഥാനി ഇപ്രകാരം വാഗ്ദാനവും നൽകിയിരുന്നത്രെ.

ഭാവിയിൽ ഒരു കൽപ്പിത സർവ്വകലാശാലയായി രൂപപ്പെടേണ്ട പീരുമേട് എൻജിനിയറിംഗ് കോളജിന്റെ ഭരണനിർവഹണസമിതിയിൽ ഉന്നതവിദ്യാഭ്യാസയോഗ്യതയുള്ളവരേ മാത്രമേ നിയമിക്കാവു എന്ന നിർദ്ദേശം ഉയർന്നുകഴിഞ്ഞു. കോളജ് പ്രിൻസിപ്പൽമാരോ തത്തുല്യ വിദ്യാഭ്യാസയോഗ്യതയുള്ളവരോ ആയ മാനേജിംഗ് കമ്മറ്റിയംഗങ്ങളെ മാത്രമേ തിരഞ്ഞെടുക്കാവൂ എന്ന രീതിയിൽ നിർദ്ദിഷ്ട ഭരണഘടനയിൽ മാറ്റം വരുത്തണമെന്നാണ് ഇവരുടെ ആവശ്യം.

റിട്ടയർ ചെയ്തവരും സർവ്വീസിലുള്ളവരുമായി കുറഞ്ഞത് ആറ് പ്രിൻസിപ്പൽമാർ മാനേജിംഗ് കമ്മറ്റിയിലുണ്ട്. തത്തുല്യ വിദ്യാഭ്യാസ യോഗ്യതയുള്ളവർ വേറെയും. സഭയുടേതെന്നു പറയപ്പെടുന്നതും ഇപ്പോൾ ചില സ്വകാര്യ വ്യക്തികളുടെ കൈവശം ഇരിക്കുന്നതുമായ പാമ്പാടി ബി. എം. എം. സ്കൂൾ, കങ്ങഴ ആശുപത്രി എന്നിവ സഭയുടെ ഭരണത്തിലാക്കാൻ ഒരു ശ്രമവും നടത്താതെ പീരുമേട് എൻജിനീയറിംഗ് കോളജ് ഭരണഘടന ധൃതിപിടിച്ചു മാറ്റുന്നത് ഈ വ്യക്തികളെ സഹായിക്കാനും പീരുമേട്ടിൽ സ്വന്തക്കാരെ തിരുകികയറ്റാനുമാണെന്ന് ആരോപണമുണ്ട്.

## കെ. പി. തോമസ് രാജി വെച്ചു

പീരുമേട്: മാർ ബസേലിയോസ് എൻജിനീയറിംഗ് കോളജിന്റെ ആരംഭകാലം മുതൽ ഡയറക്ടറായി പ്രവർത്തിച്ചു വരുന്ന കെ. പി. തോമസ് രാജി വെച്ചു. രാജി ഇതുവരെ സ്വീകരിച്ചിട്ടില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന കെ. പി. തോമസിന്റെ കൂടെ പ്രവർത്തനഫലമായാണ് പീരുമേട് എൻജിനീയറിംഗ് കോളജിനെ ഏറ്റവും മികച്ച സാശ്രയ എൻജിനീയറിംഗ് കോളജാക്കി മാറ്റിയത്. മുമ്പ് രണ്ടു പ്രാവശ്യം ആരോഗ്യപരമായ കാരണങ്ങളാൽ രാജി സമർപ്പിച്ചെങ്കിലും മാർ മാത്യൂസ് ദ്വിതീയൻ ബാവായും, മാർ ദിദിമോസ് ബാവായും രാജി സ്വീകരിക്കാഞ്ഞതിനാൽ തൽസ്ഥാനത്തു തുടരുകയായിരുന്നു.

ഈ പ്രാവശ്യവും രാജിക്കു കാരണമായി ആരോഗ്യപ്രശ്നങ്ങളാണ് ചൂണ്ടിക്കാട്ടിയിരിക്കുന്നത്. എന്നാൽ ഇപ്പോഴത്തെ ഭരണസംവിധാനവുമായി ഒത്തുപോകാൻ സാധിക്കാത്തതാണ് രാജിയുടെ യഥാർത്ഥ കാരണമെന്നറിയുന്നു.

# മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായും 'ചുവന്നു'

കോട്ടയം: പാമ്പാടിയിൽ സെമിനാറിൽ പങ്കെടുത്ത ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിനു പിന്നാലെ പീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായും ചുവപ്പനായി. പുത്തൻകുരിശു സൊസൈറ്റിയുടെ കോട്ടയം മെത്രാൻ മാർ തീമോത്തിയോസ്, ആംഗ്ലിക്കൻ സഭയിലെ ഡോ. സ്റ്റീഫൻ വട്ടപ്പാറ എന്നിവരും ചുവന്നിട്ടുണ്ട്.

മാർക്സിസ്റ്റ് പാർട്ടി സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തതിനാണ് മാർ ഗ്രിഗോറിയോസിനെ ചുവപ്പനെന്നു മുദ്ര കുത്തിയത്. എന്നാൽ ഫെബ്രു. 7-ന് കോട്ടയത്തു മാർക്സിസ്റ്റ് പാർട്ടി സംഘടിപ്പിച്ച സെമിനാർ ഉത്ഘാടനം ചെയ്തത് മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായാണ്. മാർ തീമോത്തിയോസ്, സ്റ്റീഫൻ വട്ടപ്പാറ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ഇതോടെ ഡോ. മാർ ഗ്രിഗോറിയോസിനെതിരെ പടവാളെടുത്തവർ നിശബ്ദരായിരിക്കുകയാണ്.

## *ഉചാമറ*യ്ക്കു തിരിച്ചടി

പാമ്പാടി: കോട്ടയത്ത് വിവിധ സഭകളിലെ മേല്പട്ടക്കാർ മാർക്സിസ്റ്റ് പാർട്ടി സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തത് *ഉചാമറ*യ്ക്ക് കനത്ത തിരിച്ചടിയായി.

ഡോ. മാർ ഗ്രിഗോറിയോസ് പാമ്പാടിയിൽ മാർക്സിസ്റ്റ് പാർട്ടി സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തത് അക്ഷന്തവ്യമായ അപരാധമാണെന്നു *ഉചാമറ* പ്രചരിപ്പിയ്ക്കുകയും മാനേജിംഗ് കമ്മറ്റിയിൽ ഭരണഘടനാവിരുദ്ധമായി ഈ വിഷയം ഉന്നയിച്ച് ബഹളമുണ്ടാക്കുകയും ചെയ്തിരുന്നു. പാമ്പാടി സെമിനാറിൽ ഡോ. മാർ ഗ്രിഗോറിയോസ്, സെമിനാർ എന്നാൽ വ്യത്യസ്ത ആശയങ്ങളുടെ സംവാദമാണെന്നു ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും അതു മനസിലാക്കാൻ *ഉചാമറ*യ്ക്കു കഴിഞ്ഞില്ല. ഇപ്പോൾ വിവിധ സഭകളിലെ മേല്പട്ടക്കാർ മാർക്സിസ്റ്റ് പാർട്ടി തന്നെ സംഘടിപ്പിച്ച സെമിനാറിൽ ഒരുമിച്ചു പങ്കെടുത്തതോടെ ഇത്തരം സെമിനാറിൽ പങ്കെടുക്കുന്നത് ക്രൈസ്തവമല്ലെന്ന *ഉചാമറ*യുടെ ആരോപണം ആരും അംഗീകരിക്കുന്നില്ലെന്നു തെളിഞ്ഞിരിക്കുകയാണ്.

അതേപോലെതന്നെ പാമ്പാടി ബസ്സ്റ്റാന്റ് മൈതാനത്തെ തുറന്ന വേദിയിൽ ഡോ. മാർ ഗ്രിഗോറിയോസ് പ്രസംഗിച്ചതും മഹാപരാധമായി ചിത്രീകരിച്ചിരുന്നു. കോട്ടയത്തെ സെമിനാർ നടന്നത് തിരുനക്കര മൈതാനത്തെ തുറന്ന വേദിയിലാണ്. ഇതോടെ മെത്രാന്മാർ പൊതുസ്ഥലത്തു പ്രസംഗിച്ചു എന്ന വാദത്തിനും നിലനിൽപ്പില്ലാതായി.

## മാർ മിലിത്തോസ് പങ്കെടുത്തില്ല

കോട്ടയം: ഫെബ്രുവരി 7-നു കോട്ടയത്ത് മാർക്സിസ്റ്റ് പാർട്ടി സംഘടിപ്പിച്ച സെമിനാറിൽ യൂഹാനോൻ മാർ മിലിത്തോസ് പങ്കെടുത്തില്ല. മാർ മിലിത്തോസ് ഈ സെമിനാറിൽ പങ്കെടുക്കുമെന്ന് ചില മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു.

മാർ മിലിത്തോസ് ഈ സെമിനാറിൽ പങ്കെടുക്കുന്നപക്ഷം അച്ചടക്കലംഘനം ആരോപിച്ച് അടുത്ത മാനേജിംഗ് കമ്മറ്റിയിൽ അദ്ദേഹത്തിനെതിരെ നടപടി എന്ന മുറവിളി ഉയർത്താമെന്ന് *ഉചാമറ*യും ഭരണകോക്കസും പ്രതീക്ഷിച്ചിരുന്നു. മാർ മിലിത്തോസ് പങ്കെടുക്കാതിരുന്നതിനെ തുടർന്ന് ഈ പ്രതീക്ഷ അവസാനിച്ചു.